# ഗവൺമെന്റ് യുപി സ്കൂൾ അശമന്നൂർ

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

**പ്രവർത്തനം . 1**

പേര് : എന്റെ കുട്ടികൾ (കുട്ടികളുടെ ഒരു വർഷത്തെ സമഗ്ര പുരോഗതി രേഖ)

ഉപ മേഖല: അക്കാദമികം/ വ്യക്തിപരം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| *കുട്ടികളുടെ സമഗ്ര പുരോഗതി വിലയിരുത്തുക<br>*പിന്മാങ്ങൾ സ്വഭാവം കാണിക്കുന്ന കുട്ടികളെ മുന്നോട്ടുകൊണ്ടുവരിക<br>*കുട്ടികളിൽ ആത്മവിശ്വാസം വളർത്തുക | മുൻ ക്ലാസിലെ ക്ലാസ് അധ്യാപകരിൽ നിന്ന്<br>"എന്റെ കുട്ടികൾ" റെക്കോർഡ് ശേഖരിക്കുകയും അതിനെ വിലയിരുത്തുകയും ചെയ്യുന്നു | മെയ് | ക്ലാസ് അധ്യാപകർ |

**പ്രവർത്തനം .2 2024-25 അധ്യയന വർഷത്തെ അവസാന SRG യിൽ രണ്ട് അധ്യാപകർക്ക് വീതം ഓരോ മാസത്തിലെയും വിവിധ പ്രോഗ്രാമുകൾ ക്രോഡീകരിച്ച് കലണ്ടർ നിർമ്മിക്കുന്നതിന് ചുമതല നൽകുന്നു മെയ് മാസത്തിൽ തന്നെ 10 മാസത്തേക്ക് ഉള്ള കലണ്ടർ നിർമ്മിക്കുന്നു ഓരോ മാസവും അതിലേക്ക് വേണ്ട കൂട്ടിച്ചേർത്തലുകൾ നടത്തുന്നു കലണ്ടർ മാസം ആദ്യം രക്ഷകർത്താക്കൾക്ക് നൽകുന്നു**

പേര് : കലണ്ടർ തയ്യാറാക്കൽ

ഉപ മേഖല :അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| *കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനായി ഓരോ മാസത്തേയും പ്രോഗ്രാമുകൾ പ്രത്യേകമായി അസൂത്രണം ചെയുക | | ജൂൺ - മാർച്ച് | അധ്യാപകർ |

**പ്രവർത്തനം.3**

പേര് : Pre test

ഉപമേഖല :അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| *മുൻ ക്ലാസുകളിലെ പഠന പുരോഗതി വിലയിരുത്തുക *ആവശ്യമായ കൈത്താങ്ങ് നൽകുക | മുൻവർഷത്തെ പാഠപുസ്തകത്തെ അടിസ്ഥാനമാക്കി ചോദ്യപേപ്പർ തയ്യാറാക്കുകയും ഒരു പെൻ പേപ്പർ ടെസ്റ്റിലൂടെ കുട്ടികളെ വിലയിരുത്തുകയും ചെയ്യുന്നു. | ജൂൺ ആദ്യ ആഴ്ച | ക്ലാസ് അധ്യാപകർ |

**പ്രവർത്തനം.4**

പേര് : PULP(Peer group Unity Learning Programme)

ഉപമേഖല :അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| *കുട്ടികളുടെ പഠന പിന്നോക്ക അവസ്ഥ പരിഹരിക്കുക *മിടുക്കരായ കുട്ടികൾക്ക് കൂടുതൽ പഠന അവസരങ്ങൾ നൽകുക * മെന്റർ - മെന്റി ബന്ധം ദൃഢമാക്കുക. | *സ്കൂളിലെ കുട്ടികളെ മൊത്തത്തിൽ നാല് ഗ്രൂപ്പുകളായി തിരിക്കുന്നു . *ഓരോ ക്ലാസ്സിനെയു ഗ്രൂപ്പുകളായി തിരിക്കുന്നു . *എല്ലാ പ്രവർത്തനങ്ങളും ഗ്രൂപ്പ് അടിസ്ഥാനത്തിൽ ആക്കി ഗ്രേഡ് നൽകുന്നു * ലീഡർഷിപ്പ് ക്വാളിറ്റിയിലൂടെ കുട്ടികൾ തന്നെ കുട്ടികൾക്ക് പിന്തുണ നൽകുന്നു | ജൂൺ -മാർച്ച് | ക്ലാസ് അധ്യാപകർ, പീർ ഗ്രൂപ്പ് കൺവീനർ, പിയർ ഗ്രൂപ്പ് ലീഡേഴ്സ് |

**പ്രവർത്തനം 5**

പേര്: BENCCH( സമഗ്ര ഗുണമേന്മ പദ്ധതിയുമായി ഉൾച്ചേർന്ന് അശമന്നൂർ സ്കൂൾ നടപ്പാക്കുന്ന തനത് പ്രോഗ്രാം).

ഉപമേഖല :അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| *ഭാഷ,ഗണിതം എന്നീ വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുക | ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള കുട്ടികളിൽ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ഭാഷാ വിഷയങ്ങൾ ലളിതമായി കുട്ടികൾക്ക് ഇഷ്ടപ്പെടുന്ന രീതിയിൽ കളികളിലൂടെ അവരിലേക്ക് എത്തിക്കുന്നു | രാവിലെ 8 .30 മുതൽ 9. 30 വരെ വൈകുന്നേരം 3 30 മുതൽ 4 30 വരെ June - march | എസ് ആർ ജി കൺവീനർ ക്ലാസ് അധ്യാപകർ |

**പ്രവർത്തനം 6**

പേര് :ആൽഫ ഗെയിം ബോർഡ്

(ഭാഷ വിഷയങ്ങൾ രസകരമായി മനസ്സിലാക്കുന്നതിന്)

ഉപമേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| *മലയാളം, ഇംഗ്ലീഷ്,ഹിന്ദി എന്നീ ഭാഷ വിഷയങ്ങളിൽ അക്ഷരം പഠിക്കുന്നതിനും പഠിപ്പിക്കുന്നതിന് പ്രേരിപ്പിക്കുക | ഒരേസമയം രണ്ടു കുട്ടികൾക്കോ രണ്ട് ഗ്രൂപ്പിനോ കളിക്കാൻ പറ്റുന്ന വിധത്തിൽ തയ്യാറാക്കിയ ഗെയിം ബോർഡിലൂടെ കുട്ടികൾ വിവിധ ഭാഷകൾ അനായാസം കൈകാര്യം ചെയ്യാൻ പ്രാപ്തരാകുന്നു. | രാവിലെ 8 .30 മുതൽ 9. 30 വരെ<br>വൈകുന്നേരം 3 30 മുതൽ 4 30 വരെ<br>June - march | എസ്,ആർ,ജി കൺവീനർ, ക്ലാസ് അധ്യാപകർ |

**പ്രവർത്തനം. 7**

പേര് : ആൽഗോ  ബോർഡ്

ഉപമേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| *ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കളികളിലൂടെ രസകരമായി അടിസ്ഥാന ഗണിതക്രിയകൾ പഠിപ്പിക്കുക. | ഒരേസമയം രണ്ടു കുട്ടികൾക്കോ രണ്ട് ഗ്രൂപ്പിനോ കളിക്കാൻ പറ്റുന്ന വിധം തയ്യാറാക്കിയ ഗെയിം ബോർഡ് നൽകി കുട്ടികളുടെ അടിസ്ഥാന ഗണിത ക്രിയകളായ സങ്കലനം,സ്ഥാന വില കണ്ടെത്തൽ, സംഖ്യാബോധം ഉറപ്പിക്കൽ കുട്ടികളെ കളികളിലൂടെ പഠിപ്പിക്കുന്നു . | രാവിലെ 8 .30 മുതൽ 9. 30 വരെ<br>വൈകുന്നേരം 3 30 മുതൽ 4 30 വരെ<br>June - march | HM,എസ് ആർ ജി കൺവീനർ, ക്ലാസ് അധ്യാപകർ |

**പ്രവർത്തനം 8**

പേര് :റെഡി റ്റു റീഡ്

ഉപമേഖല :ഭാഷ ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| *വായനയെ പരിപോഷിപ്പിക്കുക. | സ്കൂൾ അസംബ്ലിയിൽ 4 പിയർ ഗ്രൂപ്പുകളിൽ നിന്നും സമാന കഴിവുകൾ ഉള്ള കുട്ടികളെ ക്രമരഹിതമായി വായിക്കാൻ തിരഞ്ഞെടുക്കുന്നു അതിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പിന് സ്കോറും നൽകുന്നു | June-March | HM<br>പിയർ ഗ്രൂപ്പ് കൺവീനർ |